# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം15/1424/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 17/08/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ്

നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം15/1424/2024 | തീയ്യതി: 17/08/2024

## മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-12-2023 മുതൽ 19-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 07-12-2023 മുതൽ 31-05-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
| --- | --- | --- | --- |

| | | | |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2024 | 28-06-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2024 | 28-06-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ദിനേശൻ. എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ലത. ഒ. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. സുജിത. പി. കെ, ഓഡിറ്റർ
ശ്രീ. ബിജേഷ് മോഹൻ. റ്റി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷംസിയ സുബൈർ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. ബാബു. ടി. കെ | സെക്രട്ടറി | 01-04-2023 | 10-03-2024 |
| -ഒഴിവ്- | സെക്രട്ടറി | 11-03-2024 | 12-03-2024 |
| ശ്രീ. വിനോദ്. കെ. പി. അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ്. കെ. പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി. ബിന്ദു. കെ. കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 11-07-2023 |
| ശ്രീമതി. സമിയ്യ ഉള്ളേരിതൊടി | അസിസ്റ്റന്റ് എഞ്ചിനീയർ | 12-07-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി. സ്മിത. ടി. വൈ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. ഷഹനില. പി. പി. | കൃഷി ഓഫീസർ | 01-04-2023 | 19-03-2024 |
| ശ്രീമതി. ദിവ്യ. കെ. | കൃഷി ഓഫീസർ | 20-03-2024 | 31-03-2024 |
| ഡോ. ലുക്മാൻ കമ്പൂരത്ത് | വെറ്ററിനറി സർജൻ | 01-04-2023 | 16-12-2023 |
| ഡോ. ദിവ്യ മോഹൻ | വെറ്ററിനറി സർജൻ | 17-12-2023 | 31-03-2024 |
| ഡോ. സജില. എ. കെ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2023 | 29-06-2023 |
| ഡോ. ആസിഫ് ജാൻ. വി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 30-06-2023 | 31-03-2024 |
| ഡോ. ഷാഫി. പി. കെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ശ്രീമതി. ഷൈലജ. കെ. എസ്. | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ശ്രീ. അരുൺകുമാർ. പി. എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 13-07-2023 |
| ശ്രീ. ദിലീപ് കുമാർ. വി. എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14-07-2023 | 22-09-2023 |
| ശ്രീമതി. കാവ്യ. എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23-09-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് ബാലൻസ് രേഖപ്പെടുത്തിയതിൽ വ്യത്യാസം. | 1-1-4 |
| 6 | മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്ക് സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല. | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഗ്രാന്റ് തുകകളിന്മേലുള്ള വ്യത്യാസം | 1-4-1 |
| 11 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" : പ്രവർത്തനാവലോകനം | 1-11 |
| 19 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടി വിവരം അറിയിക്കേണ്ടതാണ്. | 1-12 |

| | | |
|---|---|---|
| 20 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു. | 1-13 |
| 21 | മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ : തുക പൂർണമായും ചെലവഴിച്ചില്ല | 1-14 |
| 22 | KMSCLൽ നിന്നും മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-15 |
| 23 | ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത് വരുമാന നഷ്ടത്തിന് കാരണമാകുന്നു. | 1-16 |
| 24 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-17 |
| 25 | വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ കട്ടിൽ വാങ്ങി | 1-18 |
| 26 | എസ്.എസ്.കെ വിഹിതം അടവാക്കൽ - രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-19 |
| 27 | ലൈബ്രറി സെസ്സ് യഥാസമയം അടവാക്കിയില്ല. | 1-20 |
| 28 | ഫലവൃക്ഷത്തൈ വിതരണം - സേവനം ലഭ്യമാകുന്നതിനു മുൻപു തന്നെ കയറ്റിറക്കുകൂലി നൽകി. | 1-21 |
| 29 | വാഹന പരിപാലനം - VEELS വെബ്സൈറ്റിൽ ചെലവ് വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നില്ല. | 1-22 |
| 30 | ചെലവുകളുടെ അനുബന്ധ രേഖകൾ, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. | 1-23 |
| 31 | ഡിഫക്റ്റ് ലയബിലിറ്റി പീരിയഡ് കുറവായി കരാറിൽ ഉൾപ്പെടുത്തി. | 1-24 |
| 32 | കിളച്ചെടുത്ത മണ്ണ് ലേലം ചെയ്തിട്ടില്ല. | 1-25 |
| 33 | ഇ-ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നത് സംബന്ധിച്ച് | 1-26 |
| 34 | ആസ്തി രജിസ്റ്റർ കാലികമാക്കൽ - പുരോഗതി വിവരം അറിയിക്കേണ്ടതാണ്. | 1-27 |
| 35 | എം.ജി.എൻ.ആർ.ഇ.ജി.എസ് - തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം നൽകിയത് - സംബന്ധിച്ച് | 1-28 |
| 36 | ലോൺ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക നെഗറ്റീവ് സംഖ്യയായി രേഖപ്പെടുത്തിയത്. | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ബാധ്യതകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.05.2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 01.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും

സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശദീകരണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി : 17-08-2024

## 1-1-2 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രുവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2024 തീയതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ തുകയും (₹-76,51,750), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹2,51,872) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-4 ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് ബാലൻസ് രേഖപ്പെടുത്തിയതിൽ വ്യത്യാസം.

ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31.03.2024 തീയതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസ് ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും, ബാങ്ക് ബുക്ക് പ്രകാരമുള്ള യഥാർത്ഥ ബാലൻസ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം | ബാങ്ക്/ട്രഷറി അക്കൗണ്ട് | ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസ് (₹) | | |
|---|---|---|---|---|
| | | ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയത് | യഥാർത്ഥ ബാലൻസ് | വ്യത്യാസം |
| 1 | Canara Bank Vailathur | 10,00,629 | 10,47,526 | 46,897 |

| | | | | | |
|---|---|---|---|---|---|
| | (110042589071) | | | | |
| 2 | Canara Bank Vallathur (110042603496) | | 4,79,615 | 4,32,718 | -46,897 |

ഹെൽത്ത് ഗ്രാന്റ് പ്രോജക്റ്റുകളിൽ ചെലവ് ശീർഷകം തെറ്റായി രേഖപ്പെടുത്തിയത് ബാങ്ക് റികൺസിലിയേഷൻ പത്രിക അന്തിമമാക്കിയതിന് ശേഷം ക്രമീകരിച്ചതിനാലാണ് ഈ വ്യത്യാസം വന്നതെന്ന് ഓഡിറ്റ് എൻക്വയറി നം. 3/23.08.2024ന് മറുപടിയായി വിശദീകരണം ലഭ്യമാക്കി.

## 1-1-5 മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്ക് സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 46 പ്രകാരം കാലാവധി കഴിഞ്ഞതും പണമാക്കാത്തതും റീവാലിഡേറ്റ് ചെയ്യാത്തതുമായ ചെക്കുകൾ സ്റ്റേൽ ചെക്ക് അക്കൗണ്ട് എന്ന ഹെഡിലേയ്ക്ക് മാറ്റേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 31.03.2024 തീയതിയിലെ ബാങ്ക് റികൺസിലിയേഷൻ പത്രിക പ്രകാരം താഴെപ്പറയുന്ന ചെക്ക് കാലാവധി കഴിഞ്ഞതാണ്.

| ക്രമ നം | വൗച്ചർ നം/ തീയതി | തുക (₹) | ബാങ്ക്/ട്രഷറി അക്കൗണ്ട് |
|---|---|---|---|
| 1 | 22300399/14.08.2023 | 46,897 | Canara Bank Vallathur (110042589071) |

## 1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല.

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

## 1-2 ബജറ്റ്

| 2023-24ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തീയതി | 2023-24ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./ തീയതി |
|---|---|
| 1(1)/21.03.2023 | 1(1)/08.02.2024 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 3,41,64,107 |
| വരവ് | 11,22,37,046 |

| | |
|---|---|
| ആകെ | 14,64,01,153 |
| ചെലവ് | 11,19,85,174 |
| നീക്കിയിരിപ്പ് | 3,44,15,979 |

കുറിപ്പ്: വാർഷിക കണക്ക് റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് ചെലവുകളുടെ കുറവ്. ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതായ വിവിധ ഫണ്ട് ഇനങ്ങളുടെ ട്രഷറി മുഖേന ഉള്ള തുകകൾ, സാമൂഹിക സുരക്ഷാ പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവയും ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

## 1-4-1 ഗ്രാന്റ് തുകകളിന്മേലുള്ള വ്യത്യാസം

വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ വാർഷിക കണക്ക്/ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

| ക്രമ നമ്പർ | ഫണ്ടിനം | ചെലവ് തുക (₹) | | | വ്യത്യാസത്തിന് കാരണം |
|---|---|---|---|---|---|
| | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/ വാർഷിക കണക്ക് (1-6) | എ.സി.ആർ | വ്യത്യാസം | |
| 1 | വികസന ഫണ്ട് - ജനറൽ | 1,70,33,092 | 1,62,50,368 | 78,2724 | അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ തുക ഉൾക്കൊള്ളുന്നതിനായി 193, 197, 200 എന്നീ നമ്പറുകളിലും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് എന്ന ഇനത്തിൽ 194, 198, 201 എന്നീ നമ്പറുകളിലുമായി തനിവർഷത്തിൽ ജി.ഒ ഡോക്യുമെന്റുകൾ പ്രകാരം ട്രാൻസ്ഫർ ഡിഡക്ഷൻ നടത്തിയ തുക ₹13,47,452/- |

| | | | | | |
|---|---|---|---|---|---|
| | | | | | എ.സി.ആർ പ്രകാരം ചെലവായി കാണിച്ചിട്ടില്ല. പ്രോജക്ട് നം. 133/ 24 - നെല്ലിക്കാട് പാറപ്പുറം റോഡ് പുനരുദ്ധാരണം പ്രോജക്ടിനായി BAMS മുഖേന ചെലവഴിച്ച ₹1,64,708/- വാർഷിക കണക്ക് ഗ്രാന്റ് രജിസ്റ്ററിൽ ചെലവായി വന്നിട്ടില്ല. 13,47,432 - 1,64,708 = 1,82,724/- |
| 2 | വികസന ഫണ്ട് - എസ്.സി.പി | 11,41,422 | 10,15,874 | 1,25,548 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് എന്ന ഇനത്തിൽ 195, 199, 202 എന്നീ നമ്പർ ഇട്ട പ്രോജക്ടുകൾ പ്രകാരം ട്രഷറി ബില്ലുകൾ നടത്തിയ തുക ₹1,25,548/- എ.സി.ആർ പ്രകാരം ചെലവായി കാണിച്ചിട്ടില്ല. |

വ്യത്യാസങ്ങൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/25.06.2024 ന് ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിശദീകരണങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രാന്റ് രജിസ്റ്റർ, എ.സി.ആർ എന്നിവയിൽ ഫണ്ട് തുകകൾ വ്യത്യസ്തമായി കാണിക്കുന്ന വിവരം ഐ.കെ.എം ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,97,24,568 | 1,97,24,568 | 1,62,50,368 | 34,74,200 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 10,61,452 | 10,61,452 | 10,15,874 | 45,578 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 53,09,350 | 53,09,350 | 39,91,317 | 13,18,033 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 29,16,000 | 29,16,000 | 29,15,980 | 20 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 49,83,330 | 26,57,794 | 76,41,1124 | 43,66,849 | 32,74,275 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 9,41,753 | 37,03,392 | 46,45,145 | 19,79,378 | 26,65,767 |

**കുറിപ്പ്** :-

1. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്, അൺ ടൈഡ് ഇനങ്ങളുടെ മുന്നിരിപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇവയുടെ നീക്കിയിരിപ്പ് തെറ്റായാണ് കാണിച്ചിട്ടുള്ളത്. ഈയിനങ്ങളുടെ മുന്നിരിപ്പ് ഉൾപ്പെടുത്തി, ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്ന വിധത്തിലാണ് ഈ ഓഡിറ്റ് റിപ്പോർട്ടിൽ വിവരം രേഖപ്പെടുത്തിയിട്ടുള്ളത്.
2. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺ ടൈഡ് ഇനങ്ങളിലെ തൻവർഷ വരവ് യഥാക്രമം ₹26,42,000/-, ₹53,23,000/- എന്നിവയാണ്.
3. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺ ടൈഡ് ഇനങ്ങൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ തൻവർഷം പലിശയിനത്തിൽ ക്രെഡിറ്റ് ചെയ്ത 1,73,979/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് ഇനത്തിലെ വരവിനോടൊപ്പം ചേർത്തിട്ടുണ്ട്.
4. തിരിച്ചടവാക്കിയ തുകകൾ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് (₹15,794), അൺ ടൈഡ് (₹4,413) ഇനങ്ങളിൽ വരവായി ചേർത്തിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 11,10,13,401 | 113 | 4,88,65,273 | 0 | 57 | 66.47% |

കുറിപ്പ് :-
അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ തുക ഉറപ്പാക്കുന്നതിനായി 193, 197, 200 എന്നീ നമ്പറുകളിലും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) എന്ന ഇനത്തിൽ 194, 198, 201 എന്നീ നമ്പറുകളിലും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) എന്ന ഇനത്തിൽ 195, 199, 202 എന്നീ നമ്പറുകളിലുമായി തൻവർഷത്തിൽ ആകെ ₹16,72,980/- ബ്ലോക്ക് ഡിവിഷൻ നടത്തിയ ജി.ഒ പ്രോജക്ടുകളുടെ അടങ്കൽ തുക പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറായ സുലേഖയിൽ നിന്നുള്ള ചെലവ് പട്ടികയിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ തുക കൂടി ഉൾപ്പെടുത്തിയിട്ടുള്ള അടങ്കൽ വിവരമാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.**

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| വേതനചെലവുകൾ | 5,58,161 | 5,91,499 | 11,49,660 | 11,46,343 | 3,317 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 52,80,749 | 52,80,749 | 52,80,749 | 0 |
| ആകെ | 5,58,161 | 58,72,248 | 64,30,409 | 64,27,092 | 3,317 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2,57,600 | 23 |
| വിധവാപെൻഷൻ | 1,29,91,400 | 1156 |
| വാർദ്ധക്യകാലപെൻഷൻ | 2,39,19,200 | 2194 |
| വികലാംഗപെൻഷൻ | 45,95,700 | 423 |
| വിവാഹ ധനസഹായം | 2,40,000 | 8 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 58,000 | 9 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2024 ന് 3:20PM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,536/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വിവിധ പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റിയതായി കാണുന്നില്ല. ജി.ഒ.(എം.എസ്) നം. 18/17/ത.സ്വ.ഭ.വ, തി. 09.01.2017 പ്രകാരം പ്രോജക്ടുകൾ അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. മോണിറ്ററിംഗ് കമ്മിറ്റികൾ ഓരോ പ്രോജക്ടുകളും മോണിറ്റർ ചെയ്യേണ്ടതും റിപ്പോർട്ടുകൾ പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രജിസ്റ്റർ മെയിന്റനൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
4. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ [illegible] കളക്ഷൻ രജിസ്റ്ററിൽ രസീത് ബുക്ക് നം., രസീത് നം. എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.08.2022 | 04/2022 മുതൽ 07/2022 വരെ | 20.08.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.03.2011 മുതൽ 14.03.2011 വരെ | 2005-06 മുതൽ 2009-10 വരെ | 15.04.2011 |

## 1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" : പ്രവർത്തനാവലോകനം

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഫലപ്രാപ്തി പകർന്ന് കൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും മുഖ്യ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിന്റെ വ്യക്തിമുദ്ര പതിപ്പിക്കുന്ന ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 13.07.2017 ലെ സ.ഉ (സാധാ) നം.2429/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10594/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ബഹു. ഡയറക്ടറുടെ നിർദ്ദേശം നമ്പർ ഡി.കെ.എസ്.എ 471/സി.എ.ആർ/3/24 പ്രകാരം "ശുചിത്വവും സുസ്ഥിരതയും......സേവനത്തിലൂടെ" എന്ന വിഷയാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തി.

**1) <u>അടിസ്ഥാന വിവരങ്ങൾ</u>**

| | | |
|---|---|---|
| 1) | പഞ്ചായത്തിലെ ആകെ ജനസംഖ്യ | 32,225 |
| 2) | ആകെ വാർഡുകളുടെ എണ്ണം | 18 |
| 3) | ഓരോ വാർഡിലെയും ആൾ താമസമുള്ള വീടുകളുടെ എണ്ണം | 7,271 |
| 4) | ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 339 |
| 5) | വാർഡിലെ ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | 29 |

**2) <u>മാലിന്യശേഖരണ കാര്യക്ഷമത</u>**

എല്ലാ വീടുകളെയും സ്ഥാപനങ്ങളെയും ഹരിത കർമ്മസേനക്കു കീഴിൽ ഉൾപ്പെടുത്താൻ IEC പ്രവർത്തനങ്ങൾ നടത്തുകയും ആയത് വഴി എല്ലാ വീടുകളും സ്ഥാപനങ്ങളും ഹരിത കർമ്മസേനക്കു കീഴിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മാലിന്യ ശേഖരണ കലണ്ടറിൽ ഷെഡ്യൂൾ ചെയ്തത് പ്രകാരം ഓരോ വീട്ടിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാസത്തിൽ ഒരു തവണ എന്ന രീതിയിൽ ഹരിത കർമ്മസേനാ അംഗങ്ങൾ മാലിന്യം ശേഖരിച്ചു വരുന്നുണ്ട്. ജനങ്ങളുടെ സൗകര്യാർത്ഥം വാർഡ് അടിസ്ഥാനത്തിൽ വാട്ട്സ് ആപ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും അതുവഴി ഹരിതകർമ്മസേനയുടെ മാലിന്യ ശേഖരണം സംബന്ധിച്ച് അറിയിപ്പ് നൽകുകയും ചെയ്യുന്നു.

**3) <u>മാലിന്യ വേർതിരിവ് പാലിക്കൽ</u>**

ഉറവിടത്തിൽ നിന്നു തന്നെ മാലിന്യം പൂർണ്ണമായും വേർതിരിക്കാൻ ഹരിതകർമ്മസേനക്ക് കഴിയുന്നില്ല. ഒരു മാസം 2 ഷെഡ്യൂളുകളായിട്ടാണ് ഹരിത കർമ്മസേനയിലെ അംഗങ്ങൾ മാലിന്യശേഖരണം നടത്തുന്നത്. ഹരിത കർമ്മസേനയിലെ പകുതി അംഗങ്ങൾ മാലിന്യ ശേഖരണം നടത്തുമ്പോൾ പകുതി അംഗങ്ങൾ MCF ൽ മാലിന്യം വേർതിരിക്കുന്നു. റിജക്റ്റ്

വേസ്റ്റ് 2023-24 സാമ്പത്തിക വർഷം *ഗ്രീൻ വേംസ്* എന്ന കമ്പനിക്കാണ് നൽകിയിരുന്നത്. ഈ സാമ്പത്തിക വർഷം *എക്കോഗ്രീൻ* എന്ന സ്ഥാപനത്തിനാണ് റിജക്റ്റ് വേസ്റ്റ് നൽകുന്നത്. സെഗ്രിഗേറ്റഡ് വേസ്റ്റ് സ്ക്രാപ്പ് കച്ചവടക്കാർക്കാണ് നൽകുന്നത്. സമയബന്ധിതമായി മാലിന്യം നീക്കം ചെയ്ത് വരുന്നുണ്ട് എന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചതെങ്കിലും ഓഡിറ്റ് സമയത്ത് MCF സന്ദർശിച്ചതിൽ റിജക്റ്റ് വേസ്റ്റ് സമയബന്ധിതമായി നീക്കം ചെയ്യാതെ കുന്നുകൂടി കിടക്കുന്നതായി കാണാൻ കഴിഞ്ഞു.



*MCFന് മുന്നിൽ റിജക്റ്റ് വേസ്റ്റ് കുന്നുകൂടി കിടക്കുന്നു*

4) <u>റീസൈക്ലിംഗ്</u>

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. മാർക്കറ്റുകളിൽ (പാതയോരങ്ങളിലും പൊതു ഇടങ്ങളിലും വഴിയോരത്ത് സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ, ജല സ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന മിക്സഡ് ലെഗസി മാലിന്യം) നിന്നും ലഭിക്കുന്ന മാലിന്യം MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്നു. റീസൈക്ലിംഗ് പ്രോസസ് 3% മാത്രമേ നടപ്പാക്കുന്നുള്ളൂ.

5) <u>കമ്മ്യൂണിറ്റി എൻഗേജ്മെന്റ്</u>

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഹരിതകർമ്മസേനയോടൊപ്പം, CDS, ADS അംഗങ്ങൾ എന്നിവർ വാർഡ് തല മാലിന്യ സംസ്കരണ ക്യാമ്പയിൻ നടത്തിയിട്ടുണ്ട്. അത് പോലെ N.S.S Students ഏകദിന ശില്പശാലയും നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിലായി 10 ബോധവത്കരണ കാമ്പയിനുകൾ നടത്തിയിട്ടുണ്ട്.

6) <u>തൊഴിൽ സൃഷ്ടിക്കൽ</u>

ഹരിതകർമ്മസേനാംഗങ്ങൾക്കും വാഹനഡ്രൈവർക്കും പ്രത്യക്ഷമായും, റിജക്റ്റ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിന് സാധിക്കുന്നു. ശരാശരി 9,000 മുതൽ 12,000 രൂപ വരെ പ്രതിമാസം ഹരിതകർമ്മസേനാംഗങ്ങൾക്ക് ലഭ്യമാകുന്നുണ്ട്.

7) <u>അടിസ്ഥാന സൗകര്യ വികസനം</u>

ഗ്രാമപഞ്ചായത്തിൽ വാർഡ് 3 ൽ നരിയറക്കുന്നിലെ ചുങ്കപ്പുറം എന്ന സ്ഥലത്തായി പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിലാണ് MCF പ്രവർത്തിക്കുന്നത്. മാലിന്യ സംസ്കരണത്തിനായി ഗാർഹികതലത്തിലും അംഗനവാടികളിലും ബയോബിന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ മിനി MCF കൾ എവിടെയും സ്ഥാപിച്ചിട്ടില്ല. മാലിന്യം നീക്കം ചെയ്യുന്നതിന് വാടകയ്ക്ക് വാഹനം ഉപയോഗിക്കുന്നു. MCF സ്ഥിതി ചെയ്യുന്നത് വളരെ ഉയർന്ന ചെങ്കുത്തായ പ്രദേശമായതിനാലും MCF ലേക്കുള്ള റോഡ് വീതികുറവായതിനാലും MCFൽ നിന്ന് വേസ്റ്റ് കൊണ്ട് പോകാനായി വലിയ

വാഹനം ഉപയോഗിക്കാൻ കഴിയുന്നില്ല. നിലവിൽ MCF ൽ കുടിവെള്ള സൗകര്യം ഇല്ല. പുറമേ നിന്ന് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. കുടിവെള്ള സൗകര്യം ഏർപ്പെടുത്തണമെന്ന് ഹരിത കർമ്മ സേനാംഗങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

8) <u>പാരിസ്ഥിതിക ആഘാതം</u>

മാലിന്യം പൊതുയിടങ്ങളിൽ തള്ളിയതിന് ഒരു പരാതി ലഭിച്ചിട്ടുണ്ട്. പരാതിയിന്മേൽ നോട്ടീസ് അയക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

9) <u>പരിശീലനവും വികസനവും</u>

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി ഏപ്രിൽ 21, 22, 23 തിയതികളിലായി പരിശീലനം നൽകിയിട്ടുണ്ട്.

10) <u>നിയമങ്ങൾ പാലിക്കൽ</u>

മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും നടത്തിയിട്ടുണ്ട്. നോട്ടീസുകൾ, ബോർഡുകൾ മുതലായവ വഴിയും പ്രചാരണം നടത്തിയിട്ടുണ്ട്. നിയമലംഘനം കണ്ടെത്തുന്നതിന് പരിശോധനകളും പിഴ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. യൂസർ ഫീ നൽകാത്തവർക്ക് നോട്ടീസ് അയക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

11) <u>ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം</u>

ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിൽ 18 വാർഡുകളിലായി 29 ഹരിതകർമ്മസേനാംഗങ്ങളാണ് ഉള്ളത്. MCF ൽ സ്ഥല സൗകര്യം ഇല്ലാത്തതിനാൽ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. പൊതു ഗതാഗത സൗകര്യവും വാഹനസൗകര്യവുമുള്ള സ്ഥലത്ത് MCF സ്ഥാപിച്ചാൽ കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും.

## <u>മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)</u>

1) <u>അടിസ്ഥാന വിവരങ്ങൾ</u>

| | | |
|---|---|---|
| 1) | MCF RRF (സ്ഥിരം / താൽകാലികം) എണ്ണം | 1 MCF സ്ഥിരം<br>RRF ഇല്ല |
| 2) | വെയിങ് /ബെയിലിങ് യൂണിറ്റുകൾ ഉണ്ടോ ? | ഇല്ല |
| 3) | അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | MCF : വാർഡ് 3, നരിയറക്കുന്ന് |
| 4) | അവ പ്രയോജനപ്പെടുത്തുന്നുണ്ടോ ? | ഉണ്ട് |
| 5) | അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ? (ബിൽഡിങ് ഏരിയ, ഗോഡൗൺ ഏരിയ, സോർട്ടിങ് ഏരിയ. | കുടിവെള്ള സൗകര്യം ഇല്ല. 1100 Sq.Ft ൽ ഗ്രാമപഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിലാണ് MCF സ്ഥിതി ചെയ്യുന്നത്. |

| | | |
|---|---|---|
| | മെഷിനറി എന്നിവ, ശുചിമുറി തുടങ്ങിയവ | സ്ഥലപരിമിതി ഉള്ളതിനാൽ സോർട്ട് ചെയ്യാനും സ്റ്റോർ ചെയ്യാനും വളരെയധികം ബുദ്ധിമുട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |
| 6) | അവ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വിവരങ്ങൾ | പുടപ്പുറത്ത് വളരെയധികം ചെങ്കുത്തായ ഒരു കുന്നിൻപ്രദേശത്താണ് MCF സ്ഥിതി ചെയ്യുന്നത്. |
| 7) | അവയിലേക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാണോ ? | MCF ചെങ്കുത്തായ പ്രദേശത്തായതിനാൽ വാഹനം എത്തിച്ചേരാൻ ബുദ്ധിമുട്ടാണ്. മാത്രവുമല്ല വീതി കുറഞ്ഞ ചെറിയ റോഡായതിനാൽ വലിയ വാഹനം എത്തിച്ചേരാൻ ബുദ്ധിമുട്ടാണ്. |
| 8) | അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ? | നിലവിൽ ഇല്ല |



മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി

ii) <u>മാലിന്യ കൈമാറ്റ കാര്യക്ഷമത</u>

രണ്ട് ഷെഡ്യൂളുകളായി ശേഖരിക്കുന്ന മാലിന്യം സമയബന്ധിതമായി തന്നെ വേർതിരിച്ചു എം.സി.എഫിൽ നിന്നും കയറ്റി അയക്കുന്നുണ്ട്.

iii) <u>മാലിന്യ സംസ്കരണ ശേഷി</u>

| | | |
|---|---|---|
| 1) | ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്. ജൈവം അജൈവം | 400 KG അജൈവം |

| | | |
|---|---|---|
| 2) | കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി MCF/RRF കൾക്ക് ആവശ്യത്തിന് വിസ്തൃതിയുണ്ടോ | ഇല്ല |
| 3) | ആകെ വിസ്തൃതി<br>A) റിപ്പിങ് ഏരിയ – തരം തിരിച്ചിട്ടില്ല<br>B) സ്റ്റോറേജ് ഏരിയ – തരം തിരിച്ചിട്ടില്ല<br>C) സോർട്ടിങ് ഏരിയ – തരം തിരിച്ചിട്ടില്ല<br>D) ബെയിലിംഗ് ഏരിയ – ഇല്ല<br>E) അന്തിമ സംഭരണ ഏരിയ - തരം തിരിച്ചിട്ടില്ല | MCF - 1100ച.മീ |
| 4) | അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു. | 4 ദിവസം |

iv) <u>മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>

| | | |
|---|---|---|
| 1) | മാലിന്യം ഇനം തിരിക്കുന്നത് | ചെരുപ്പ്, ബാഗ്, ഇ-വേസ്റ്റ്, കാർഡ് ബോർഡ്, സി.എഫ്.എൽ, സ്ക്രാപ്പ്, മരുന്ന് സ്ട്രിപ്പ്, കുപ്പി ചില്ല് തുടങ്ങിയവ |
| 2) | തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF -ൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലും സുരക്ഷാ നടപടികളും പാലിക്കൽ | . Fire Extinguisher<br>. Mask, Gloves<br>. First Aid Kit |

v) <u>ശുചിത്വമാനദണ്ഡങ്ങൾ</u>

മാസ്ക്, ഗ്ലൗസ് എന്നിവ ഉപയോഗിക്കുന്നു.

vi) <u>യഥാസമയം മാലിന്യം കൈമാറുന്നത് സംബന്ധിച്ച്</u>

വാർഡുകളിൽ നിന്നും മാസം തോറും ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. അവ വാഹനത്തിൽ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്ത് മൂല്യമുള്ള സാധനങ്ങൾ വിൽക്കുകയും റിജക്ട് വേസ്റ്റ് നീക്കം ചെയ്യുന്നത് ഇ

വേംസ് എന്ന കമ്പനിക്കും സെയ്ഫ്ഗാർഡ് വേസ്റ്റ് സൊല്യൂഷൻ എന്റർപ്രൈസസ് അങ്ങാടിപ്പുറം എന്ന കമ്പനിക്കുമാണ് നൽകുന്നത്. നിലവിൽ റിജക്റ്റഡ് മാലിന്യം പെൻഡിംഗ് ഉണ്ട്.

<u>മറ്റു വിവരങ്ങൾ</u>

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ 1049101043194 എന്ന നമ്പരിൽ കനറാ ബാങ്ക് വെട്ടത്തൂർ ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 30/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രസീത് ബുക്കുകൾ ഉപയോഗിക്കുന്നു.

| ആകെ വരവ് (₹) | | ആകെ ചെലവ് (₹) | |
|---|---|---|---|
| ഗ്രാന്റ് ഫണ്ട് | - | ഹരിത കർമ്മസേന ശമ്പളം | 13,63,369 |
| യൂസർഫീ | 17,52,190 | പരിശീലനം | - |
| സ്ക്രാപ്പ് വിൽപ്പന | 1,87,830 | മറ്റ് ചെലവ് | - |
| *ഗ്രീൻ വേംസ്* | 14,384 | | |
| മറ്റു വരവ് | ഇല്ല | | |
| **ആകെ** | **19,54,404** | **ആകെ** | **13,63,369** |

2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് | ഫണ്ടിനം | അടങ്കൽ (₹) | ചെലവ് (₹) | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഹരിത കർമ്മസേന പ്രവർത്തകർക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നൽകൽ (167/24) | തനത് ഫണ്ട് | 60,000 | 56,270 | പദ്ധതി പൂർത്തീകരിച്ചു |
| 2 | എം സി എഫ് അനുബന്ധസൗകര്യങ്ങൾ വാങ്ങി നൽകൽ (166/24) | തനത് ഫണ്ട് | 25,000 | 24,827 | പദ്ധതി പൂർത്തീകരിച്ചു |
| 3 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം (130/24) | ധനകാര്യ കമ്മീഷൻ അവാർഡ് | 2,04,900 | 2,04,900 | |
| 4 | ഹരിത കർമ്മ സേന-മാലിന്യം കയറ്റി അയക്കൽ (28/24) | തനത് ഫണ്ട് (₹1,00,000) | 6,37,392 | 3,08,920 | |

| | | | | | |
|---|---|---|---|---|---|
| | | വികസന ഫണ്ട് (₹3,37,392) | | | |
| 5 | ഹരിത കർമ്മ സേന വാഹന വാടക നൽകൽ (24/24) | വികസന ഫണ്ട് (₹3,00,000) തനത് ഫണ്ട് (₹1,00,000) | 4,00,000 | 1,47,600 | |

ഗ്രാമ പഞ്ചായത്തിലെ മാലിന്യ ശേഖരണത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മാലിന്യശേഖരണത്തിനും സംസ്കരണത്തിനും വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പുളിക്കപ്പുറത്തുള്ള എം.സി.എഫ് ചെങ്കുത്തായ ഉയർന്ന പ്രദേശത്തായതിനാൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് എം.സി.എഫ് ലേക്ക് എത്തിച്ചേരാനും മാലിന്യങ്ങൾ വാഹനത്തിൽ കൊണ്ട് വരുന്നതിനും വളരെയധികം പ്രയാസം നേരിടുന്നുണ്ട്. മാത്രവുമല്ല, വീതി കുറഞ്ഞ ചെറിയ റോഡായതിനാൽ വലിയ വാഹനം എത്തിച്ചേരാൻ ബുദ്ധിമുട്ടാണ്. മാലിന്യം കൊണ്ടു വരുന്നതിനും റിജക്റ്റ് വേസ്റ്റ് കൊണ്ടു പോകുന്നതിനും ചെറിയ വാഹനങ്ങളെ ആശ്രയിക്കുന്നതിനാൽ വാഹനവാടകയിനത്തിൽ കൂടുതൽ ചെലവ് വരുന്നു. ചെങ്കുത്തായ സ്ഥലത്തേക്ക് ഇലക്ട്രിക് വാഹനം കയറാൻ ബുദ്ധിമുട്ടായതിനാൽ ഗ്രാമപഞ്ചായത്തിന് സ്വന്തമായി വാഹനം വാങ്ങുന്നതിനും കഴിയുന്നില്ല. എം.സി.എഫ് നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് തൊട്ടടുത്തുള്ള റവന്യൂ ഭൂമി വിട്ടുകിട്ടുന്നതിനായി ശ്രമിക്കുന്നുണ്ടെങ്കിലും നാളിതു വരെ നടപടികളൊന്നും ആയിട്ടില്ല. ആയതിനാൽ എം.സി.എഫ് നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ.**

1. മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും, പൊതു ജനങ്ങളിൽ ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.
2. സ്വന്തമായി കെട്ടിട സൗകര്യം ഒരുക്കേണ്ടതുണ്ട്.
3. റിജക്റ്റ് മാലിന്യം സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

## 1-12 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടി വിവരം അറിയിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം ചുവടെ ചേർത്ത ഡെപ്പോസിറ്റുകൾ അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | ഇനം | 01.04.2023 തീയതിയിലെ മുന്നിരിപ്പ് തുക (₹) | 31.03.2024 തീയതിയിലെ |
|---|---|---|---|

| | | | നീക്കിയിരിപ്പ് തുക (₹) |
|---|---|---|---|
| 1 | Contractors' Earnest Money Deposit | 3,44,021 | 3,42,821 |
| 2 | Suppliers' Earnest Money Deposit | 1,03,305 | 1,34,305 |
| 3 | Bidders' Earnest Money Deposit | 19,438 | 19,438 |
| 4 | Contractors' Security Deposit | 18,130 | 18,130 |
| 5 | Suppliers' Security Deposit | 37,840 | 51,840 |
| 6 | Bidders' Security Deposit | 9,412 | 9,412 |
| 7 | Contractors' Retention | 77,439 | 1,18,289 |
| 8 | Suppliers' Retention | 33,248 | 33,248 |
| 9 | Election Deposit | 1,02,500 | 1,02,500 |
| 10 | Auction Deposit | 13,600 | 13,600 |
| | ആകെ | 7,83,171 | 8,41,908 |

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നീക്കിയിരിപ്പ് തുകയുടെ വിശദവിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഏത് വർഷം മുതലുള്ള ഡെപ്പോസിറ്റുകളാണ് അവശേഷിക്കുന്നത് എന്ന് മനസ്സിലാക്കാനായിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 36 (ബി) പ്രകാരം Liability Periodന് ശേഷം മൂന്ന് വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതായിരുന്നു. മേൽ പറഞ്ഞ വഴിയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഈ വിഷയം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/27.06.2024ന് മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-13 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.2016ലെ 79245/ഇ.വി2/3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രീ പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ്/ അൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണമെന്നും, ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി ഉറപ്പാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള [illegible] ഇംഗ്ലീഷ് സ്കൂൾ ഇരിങ്ങാറൂർ, എം.റ്റി.ഐ. ഹയർ സെക്കന്ററി സ്കൂൾ തലക്കോട്ടൂർ എന്നീ സ്കൂളുകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ 2023-24 വർഷത്തേക്ക് ഫിറ്റ്നസ് നൽകിയ സ്കൂളുകളുടെ ഫയൽ പരിശോധിച്ചതിൽ മേൽ സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ കണ്ടില്ല. പ്രസ്തുത സ്കൂളുകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറി നം.14/27.06.2024ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ

സ്കൂളുകൾ പ്രവർത്തിക്കുന്ന വിഷയം ഗൗരവമായി കണക്കിലെടുത്ത് തുടർനടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ : തുക പൂർണമായും ചെലവഴിച്ചില്ല

2021-22 വർഷത്തിൽ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലേക്ക് മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ ഫണ്ട് വാർഡ് ഒന്നിന് 20,000/- രൂപ നിരക്കിൽ ആകെ 3,60,000/- രൂപ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)ക്ക് കൈമാറിയിട്ടുണ്ട്. (വൗച്ചർ നമ്പർ 22100765/27.01.2022). ഈ തുകയിൽ 2022-23 സാമ്പത്തിക വർഷം വരെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ പ്രസ്തുത വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-32 ആയി പരാമർശിച്ചിരുന്നതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ പ്രസ്തുത തുകയിൽ നിന്നും ഏതാനും വാർഡ് തല സാനിറ്റേഷൻ സമിതികൾ നാളിതുവരെയും മുഴുവൻ തുകയും ചെലവഴിക്കാത്തതായി ബോധ്യപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് | ലഭ്യമായ തുക (₹) | ചെലവഴിച്ച തുക (₹) | ബാക്കി തുക (₹) |
|---|---|---|---|
| 1 | 20,000 | 20,000 | 0 |
| 2 | 20,000 | 18,900 | 1,100 |
| 3 | 20,000 | 20,000 | 0 |
| 4 | 20,000 | 20,000 | 0 |
| 5 | 20,000 | 20,000 | 0 |
| 6 | 20,000 | 20,000 | 0 |
| 7 | 20,000 | 18,081 | 1,919 |
| 8 | 20,000 | 17,129 | 2,871 |
| 9 | 20,000 | 20,000 | 0 |
| 10 | 20,000 | 20,000 | 0 |
| 11 | 20,000 | 18,893 | 1,107 |
| 12 | 20,000 | 18,371 | 1,629 |
| 13 | 20,000 | 20,000 | 0 |
| 14 | 20,000 | 10,000 | 10,000 |
| 15 | 20,000 | 20,000 | 0 |
| 16 | 20,000 | 10,000 | 10,000 |
| 17 | 20,000 | 20,000 | 0 |
| 18 | 20,000 | 10,000 | 10,000 |
| **ആകെ** | **3,60,000** | **3,21,374** | **38,626** |

ഇത് സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം/രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 15/27.08.2024 നൽകി.

1. 14, 16, 18 വാർഡുകളിൽ വലിയ തുക നീക്കിയിരിപ്പുണ്ട്. 1, 7, 8, 11, 12 വാർഡുകൾക്ക് നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ലഭ്യമായ തുക നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിക്കാതിരുന്നതിന് കാരണം വ്യക്തമാക്കുന്നതിന്.
2. കൈപ്പറ്റിയ മുഴുവൻ തുകയും വിനിയോഗിച്ച വാർഡുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കുന്നതിന്.
3. 2021-22ന് ശേഷം മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കായി തുക അനുവദിച്ചിട്ടില്ല. ആയതിന് കാരണം വ്യക്തമാക്കുന്നതിന്.
4. വിനിയോഗിക്കാതെ ശേഷിക്കുന്ന തുക തിരികെ ഈടാക്കാനോ ക്രമീകരിക്കാനോ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിനു ലഭ്യമാക്കുന്നതിന്.

ബാക്കിയുള്ള തുക ചെലവഴിക്കുന്നതിനും രേഖകൾ ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട വാർഡ് തല സമിതി കൺവീനർമാർക്ക് നിർദ്ദേശം നൽകുന്നതാണെന്ന് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി അറിയിച്ചു. ദേശീയ ആരോഗ്യ മിഷൻ ഫണ്ട് ലഭ്യമാകുന്നതിനാൽ 2021-22 വർഷത്തിന് ശേഷം ശുചിത്വ മിഷൻ ഫണ്ടിന് അപേക്ഷ നൽകിയിട്ടില്ലെന്നും മറുപടിയിൽ അറിയിച്ചു. മറുപടി പരിഗണിച്ച് മേൽ നമ്പർ (3) ഒഴിവാക്കുന്നു. അവശേഷിക്കുന്നവ പരിഹരിക്കേണ്ടതും ചെലവിന്റെ പുരോഗതി വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതുമാണ്.

## 1-16 KMSCLൽ നിന്നും മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

2023-24 വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ട് മുഖേന മരുന്നുകൾ വാങ്ങുന്നതിനായി KMSCLന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | 38/24 - പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹16,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ആകെ ചെലവ് | ₹14,62,213/- |

| ക്രമ നം | ബിൽ റഫറൻസ് നം, തീയ്യതി | തുക (₹) | പ്രൊഫോർമ ഇൻവോയിസ് നം./തീയ്യതി | ആകെ ലഭിച്ച മരുന്നുകളുടെ വില | | ശേഷിക്കുന്ന മരുന്നുകളുടെ വില (₹) |
|---|---|---|---|---|---|---|
| | | | | ഇൻവോയിസ് നം. | മരുന്ന് വില (₹) | |
| 1 | 23150352035900444083/ 16.08.23 | 5,06,477 | PRF162/ 23.05.23 | 19385/12.10.23 | 29,635 | 61,740 |
| | | | | 19945/27.10.23 | 22,306 | |
| | | | | 20362/08.11.23 | 12,39 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | 21837/27.11.23 | 2,04,757 | |
| | | | | 22504/02.12.23 | 91,657 | |
| | | | | 903/15.04.24 | 54,013 | |
| | | | | ആകെ | 4,44,737 | |
| 2 | 23150352035901107366/ 25.01.24 | 8,02,987 | PRF3114/ 12.01.24 | 27279/19.02.24 | 706 | 7,18,288 |
| | | | | 27491/22.02.24 | 2,715 | |
| | | | | 29659/08.03.24 | 10,335 | |
| | | | | 1326/08.04.24 | 65,643 | |
| | | | | 12095/11.06.24 | 5,282 | |
| | | | | ആകെ | 84,699 | |
| | ആകെ | 13,09,464 | | | 5,29,436 | 7,80,028 |

7,80,028/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്ന വിവരം പരാമർശിച്ച് KMSCLന് കത്തയച്ചിട്ടുണ്ടെന്നും, ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നം. 2/24.06.2024ന് മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇൻവോയിസ്/സ്റ്റോക്ക് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-16 ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത് വരുമാന നഷ്ടത്തിന് കാരണമാകുന്നു.

ഗ്രാമപഞ്ചായത്തിലേയ്ക്ക് ഓൺലൈൻ ഇടപാടുകൾ മുഖേന പണം സ്വീകരിക്കുന്നതിനായി ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ഓഡിറ്റ് വർഷത്തിലെയും, ഏറ്റവും അവസാനമായി ലഭ്യമായതുമായ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | അക്കൗണ്ട് നമ്പർ | ബാങ്ക്, ബ്രാഞ്ച് | നീക്കിയിരിപ്പ് തുക (₹) | |
|---|---|---|---|---|
| | | | 31.03.2024 തീയതിയിൽ | 31.05.2024 തീയതിയിൽ |
| 1 | 67387641305 | എസ്.ബി.ഐ, പുതുപ്പറമ്പ് | 23,88,771 | 25,22,729 |
| 2 | 11700200011234 | ഫെഡറൽ ബാങ്ക്, തലക്കടത്തൂർ | 9,93,799 | 12,61,751 |
| | ആകെ | | 33,82,570 | 37,84,480 |

മേൽപ്പറഞ്ഞവ പലിശ രഹിത കറന്റ് അക്കൗണ്ടുകൾ ആയതിനാൽ ഇവയിൽ വലിയ തുക നീക്കിയിരിപ്പ്

അവശേഷിച്ചതുവഴി ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരവ് നഷ്ടമാകുന്നതിന് കാരണമായിട്ടുണ്ട്. ഇത് പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യത്തിന് വിരുദ്ധമാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നതിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 16/27.06.2024 നൽകിയതിന് മറുപടിയായി, മേൽ തുക ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റുന്നതിനോ ഫിക്സഡ് ഡെപ്പോസിറ്റുകളാക്കി മാറ്റുന്നതിനോ ഉള്ള നടപടികൾ ഭരണസമിതിയുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് സാമ്പത്തികമായി പ്രയോജനപ്പെടുന്ന വിധത്തിൽ ഈ തുക ഉപയോഗപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-17 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

സ.ഉ (കൈ) നം.34/2018/ത.സ്വ.ഭ.വ. തീയതി 16-03-2018 പ്രകാരം ലൈഫ് ഭവന പദ്ധതിക്ക് ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താക്കൾ ഒന്നാം ഗഡു വിതരണം ചെയ്ത തീയതി മുതൽ 6 മാസത്തിനകം പണി പൂർത്തീകരിക്കണം. ഭവന നിർമ്മാണത്തിന് ഒരു ഗുണഭോക്താവിന് 4 ഗഡുക്കളായി പരമാവധി 4,00,000-രൂപയാണ് ആനുകൂല്യം അനുവദിക്കുന്നത്. മുൻ വർഷങ്ങളിൽ ലൈഫ് ഭവന പദ്ധതിക്കു (ജനറൽ) വേണ്ടി ധനസഹായം അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, വിലാസം | നാളിതുവരെ കൈപ്പറ്റിയ തുക (₹) | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | പാത്തുമ്മ, കുരുക്കിൽ | 3,30,000 | 18.03.2023 |
| 2 | ബിന്ദു, കരുവാരശ്ശേരി | 3,00,000 | 18.03.2023 |
| 3 | സിദ്ദിഖ്, മേനോത്തിയിൽ | 3,00,000 | 29.03.2023 |
| 4 | നഫീസ, കുനിയിൽ | 2,06,600 | 31.03.2023 |
| 5 | നഫീസ, വടക്കിനിയേടത്ത് | 3,30,000 | 08.03.2023 |
| 6 | കമലാക്ഷി, ആശാരിപറമ്പിൽ | 2,00,000 | 31.03.2023 |

മേൽ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യം സംബന്ധിച്ച് / പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (22/28.06.24) നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-18 വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ കട്ടിൽ വാങ്ങി

പ്രോജക്ടിന്റെ പേര് -വയോജനങ്ങൾക്ക് കട്ടിൽ (24/24)

അടങ്കൽ- 315200 (വികസന ഫണ്ട്- ജനറൽ)

ചെലവ്-311760

BRN – 23150552035800933546/14.12.2023 -311760

വി.ഇ.ഒ നിർവഹിച്ച "വയോജനങ്ങൾക്ക് കട്ടിൽ" എന്ന പ്രൊജക്റ്റിലൂടെ കാഡ്കോ, കോഴിക്കോട് നിന്നും (ഇൻവോയിസ് നം KKO/23-24/522/05.12.2023 - ₹3,11,760/-) 72 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. പ്രൊജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ പൊതുമേഖലാ സ്ഥാപനങ്ങളായ ആർട്കോ, സിഡ്കോ, കാഡ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നും ബിഡ് ക്ഷണിച്ച് കുറവ് നിരക്ക് രേഖപ്പെടുത്തിയ കാഡ്കോ യുടെ ടെണ്ടർ അംഗീകരിച്ച് വാങ്ങൽ നടത്തുകയാണ് ചെയ്തിട്ടുള്ളത് എന്ന് കണ്ടു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള വാങ്ങൽ മാർഗ്ഗരേഖ പ്രകാരം 1 ലക്ഷമോ അതിൽ കവിഞ്ഞതോ മൂല്യമുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കണം. ഇതിന് വിരുദ്ധമായി മേൽ ഏജൻസികളിൽ നിന്ന് മാത്രം ടെണ്ടർ ക്ഷണിച്ച് വാങ്ങൽ നടത്തിയതിന് ആധാരമാക്കിയ ഉത്തരവ് പരിശോധനക്ക് ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി (23/28.06.24) നൽകിയതിന് തദ്ദേശ സ്വയംഭരണ (ഡി ബി) വകുപ്പിന്റെ 21.10.2020 ലെ സ.ഉ.(സാധാ) നം. 1978/2020/ത.സ്വ.ഭ.വ ഉത്തരവാണ് ഹാജരാക്കിയത്. ടി ഉത്തരവിലെ ഖണ്ഡിക 3 ൽ അക്രഡിറ്റഡ് ഉത്തരവുകളിൽ എൻലിസ്റ്റ് ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും ബിഡ്ഡിംഗ് മുഖേനയാണ് ഒരു പ്രവൃത്തിക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത് എന്ന് പറഞ്ഞിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പൊതുമേഖലാ സ്ഥാപനങ്ങളായ ആർട്കോ, സിഡ്കോ, കാഡ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നും ബിഡ് ക്ഷണിച്ചതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.എന്നാൽ പ്രസ്തുത ഉത്തരവ് [illegible] ന് ടെണ്ടർ നടപടികളില്ലാതെ തെരഞ്ഞെടുത്തതിന് സർക്കാർ സാധൂകരണം നൽകിയതാണ്. ഈ ഉത്തരവിന്റെ അവസാന ഖണ്ഡികയിൽ അക്രഡിറ്റഡ് ഉത്തരവുകളിൽ എൻലിസ്റ്റ് ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും ബിഡ്ഡിംഗ് മുഖേനയാണ് ഒരു പ്രവൃത്തിക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത് എന്ന് ചേർത്തിട്ടുള്ളത് പബ്ലിക് വർക്കുമായി ബന്ധപ്പെട്ട് അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതാണ്. കട്ടിൽ വാങ്ങുക എന്നുള്ളത് പർച്ചേസ് ആയതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള വാങ്ങൽ മാർഗ്ഗരേഖയാണ് അവലംബിക്കേണ്ടത്.

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ല 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിയിരിക്കാണ് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ. ഇത്തരം സ്ഥാപനങ്ങളിലെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ടി സ്ഥാപനങ്ങളുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത കട്ടിൽ വാങ്ങുന്നതിന് ഓപ്പൺ ടെണ്ടർ ക്ഷണിക്കുകയായിരുന്നു വേണ്ടിയിരുന്നത്. ഹാജരാക്കിയ ഉത്തരവിലെ വിവരങ്ങൾ തെറ്റിദ്ധരിച്ചത് മൂലമാണ് ഇത്തരത്തിൽ വാങ്ങിയതെന്നും തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ ഉത്തരവനുസരിച്ച് നിർവഹണം നടത്താമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വാങ്ങൽ നടപടികളിൽ സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതുമാണ്.

## 1-19 എസ്.എസ്.കെ വിഹിതം അടവാക്കൽ - രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് നം, പേര് : 14/2024 – എസ്.എസ്.എ വിഹിതം നൽകൽ

അടങ്കൽ : ₹11,34,732/- (വികസന ഫണ്ട്)

ചെലവ് : ബിൽ നം. 23150352003490768753/09.11.23 : ₹11,34,732/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 11,34,732/- രൂപ ബ്ലോക്ക് പ്രോജക്ട് ഓഫീസർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 84/2022 തി. 19.04.2022, ഖണ്ഡിക 5-6 (3), (4), (5) പ്രകാരം എസ്.എസ്.കെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം, 11,34,732/- രൂപ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/26.06.24നുള്ള മറുപടിയിൽ തുക നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചു. വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നതു വരെ 11,34,732/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-20 ലൈബ്രറി സെസ്സ് യഥാസമയം അടവാക്കിയില്ല.

ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 17263/J3/ത.സ്വ.ഭ.വ, തീ. 29.12.2009 പ്രകാരം നിർദ്ദേശം ഉള്ളതാണ്. ഈടാക്കിയ ലൈബ്രറി സെസ്സ് കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി വരുന്നതാണ്. എന്നാൽ 2022-23 വർഷത്തെ രണ്ടാം ഗഡു ലൈബ്രറി സെസ്സ് തുക അടവാക്കിയതിൽ മേൽ സർക്കുലറിലെ വ്യവസ്ഥ പാലിച്ചിട്ടില്ല. തുക അടവാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| പിരിച്ചെടുത്ത തുക (₹) | അടവാക്കേണ്ട തിയ്യതി | അടവാക്കിയ തിയ്യതി (വൗച്ചർ) |
|---|---|---|
| 1,15,784 | 30.04.2023 | 22300402/16.08.23 |

ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക അടവാക്കുന്നതിൽ കാലതാമസം വന്നതിന് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/26.06.2024നുള്ള മറുപടിയിൽ കൃത്യാന്തര ബാഹുല്യം നിമിത്തമാണ് തുക അടവാക്കാൻ വൈകിയത് എന്നും തുടർ വർഷങ്ങളിൽ ലൈബ്രറി സെസ് സമയബന്ധിതമായി അടവാക്കുന്നതാണെന്ന് അറിയിച്ചു. പഞ്ചായത്തിൽ പിരിച്ചെടുത്ത ലൈബ്രറി സെസ്സ് അതാതു സമയം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഫലവൃക്ഷത്തൈ വിതരണം - സേവനം ലഭ്യമാകുന്നതിനു മുൻപു തന്നെ കയറ്റിറക്കുകൂലി നൽകി.

നിർവ്വഹണം : കൃഷി ഓഫീസർ

പ്രോജക്ട് നം, പേര് : 62/24 – ഞങ്ങളും കൃഷിയിലേയ്ക്ക് ഫലവൃക്ഷത്തൈ വിതരണം

അടങ്കൽ : ₹6,27,000/- (തനത്)

ചെലവ് : 2,000/- ( വൗച്ചർ നം. 2230186/23.03.24)

മേൽ പ്രൊജക്ട് പ്രകാരം, ഫലവൃക്ഷത്തൈകളുടെ കയറ്റിറക്കുകൂലിയായി മേയുള മാസറ്റയിൽ ചെറിയമുണ്ടം എന്ന വ്യക്തിയ്ക്ക് 2,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രൊജക്ട് പ്രകാരമുള്ള തൈകൾ തദ്ദവർഷം വെയിൽകാ കൃഷിഭവനിൽ എത്തിച്ചിട്ടില്ല. ഇത് സംബന്ധിച്ച അന്വേഷണത്തിന് വെയിൽകാ തൈകൾ വിതരണം ചെയ്യുമെന്ന ധാരണയിലാണ് ഒരു തൈയ്ക്ക് കയറ്റിറക്ക് കൂലിയായി പ്രൊജക്ടിൽ പറഞ്ഞ പ്രകാരമുള്ള തുക അനുവദിച്ചത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വാക്കാൽ മറുപടി നൽകുകയുണ്ടായി. മറുപടിയിൽ പറഞ്ഞ കാര്യം ശരിയാണെന്ന് പ്രൊജക്ട് പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. സേവനം ലഭ്യമാകുന്നതിനു മുൻപു തന്നെ വേതനം ഇനത്തിൽ തുക നൽകിയത് ക്രമപ്രകാരമല്ല. പ്രസ്തുത തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 17/27.06.24 നം ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ, ബിൽ മാറിയ തുകയ്ക്കുള്ള സേവനം 24-25 വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ട് നിർവഹണം നടത്തുന്ന മുറയ്ക്ക് ഉപയോഗപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുള്ളത്.ചെയ്യാത്ത പ്രവൃത്തി കൂലി നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ നൽകിയ 2000-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-22 വാഹന പരിപാലനം - VEELS വെബ്സൈറ്റിൽ ചെലവ് വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നില്ല.

ധനകാര്യ (ഐ.ടി. സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "Vehicle Management And Location Tracking System (VEELS)" എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലെയും വാഹനങ്ങളുടെയും മേൽപ്പറഞ്ഞ വിവരങ്ങൾ VEELS ൽ രേഖപ്പെടുത്തിയിട്ടില്ല. 2022-23 വർഷത്തെ റിപ്പോർട്ടിലും ഖണ്ഡിക നം 1-22 ആയി ഈ അപാകത നിലനിൽക്കുന്നുണ്ട്. തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.20/28.06.2024) മറുപടിയിൽ, വാഹനത്തിന്റെ ചെലവുകൾ ഓരോ മാസവും രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 ചെലവുകളുടെ അനുബന്ധ രേഖകൾ, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നിർവഹിച്ച 2023-24 ലെ താഴെ കൊടുത്ത പ്രൊജക്ടുകൾ പ്രകാരം കണ്ടിജന്റ് ചെലവിന്റെ ഭാഗമായും വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. ചെലവുകളുടെ അനുബന്ധ രേഖകൾ, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നമ്പർ / പേര് | അടങ്കൽ തുക (₹) | ചെലവ് തുക (₹) | ബിൽ നമ്പർ / തിയ്യതി | ചെലവ് വിശദാംശം | കുറിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | ഫണ്ട് ഇനം | | | | |
| 3/24 – IKM ന് വിഹിതം അടവാക്കൽ | 78,165 വികസന ഫണ്ട് | 78,165 | 23150552005400201181 /15.06.2023 | IKM ന് വിഹിതം നൽകിയത് | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 22/23 – പി.എം.എ.വൈ വിഹിതം അടവാക്കൽ | 70,000 വികസന ഫണ്ട് - ജനറൽ | 70,000 | 146/09.11.2023 | തുക ബ്ലോക്കിന് അടവാക്കിയത് | കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 17 വാർഡിലെ നെല്ലിക്കോട് കൊള്ളാടി റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി വയ്ക്കുന്നതിന് | - തനതു ഫണ്ട് | 10,000 | വൗച്ചർ നം. 2250822/ 17.10.2023 | കെഎസ്ഇബി പൊതുമേഖലയിൽ ഡെപ്പോസിറ്റ് ചെയ്തു | പ്രവൃത്തി പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഇല്ല |
| ആകെ | | 1,58,165 | | | |

തുകകൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 18/27.06.2024 നം ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ മേൽ തുകകൾ ലഭ്യമാക്കുന്നതാണ് എന്നറിയിച്ചു. മേൽ ചെലവുകളുടെ അനുബന്ധ രേഖകൾ, പൂർത്തീകരണ-വിനിയോഗ വിവരം എന്നിവ ലഭ്യമാക്കുന്നതുവരെ 1,58,165/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1.24 ഡിഫക്ട് ലയബിലിറ്റി പീരിയഡ് കുറവായി കരാറിൽ ഉൾപ്പെടുത്തി.

സർക്കുലർ നമ്പർ 31/2022 ഫിൻ., തീയതി 06.04.2022 പ്രകാരം റോഡ്, നടപ്പാത, യാർഡുകൾ എന്നിവിടങ്ങളിൽ പേവർ ബ്ലോക്ക് ഉപയോഗിച്ച് പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം പ്രവൃത്തികളുടെ ഡിഫക്ട് ലയബിലിറ്റി പീരിയഡ് അഞ്ച് വർഷമായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിബന്ധന കരാറിൽ ഉൾപ്പെടുത്തേണ്ടതും, കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഡിഫക്ട് ലയബിലിറ്റി പീരിയഡ് കഴിഞ്ഞ ശേഷം മാത്രം തിരികെ നൽകേണ്ടതുമാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പ്രവൃത്തികളിൽ പ്രീകാസ്റ്റ് കോൺക്രീറ്റ് പേവർ ബ്ലോക്കുകൾ ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളുടെ കരാർ ഏർപ്പെട്ടപ്പോൾ മേൽ നിബന്ധന പാലിച്ചിട്ടില്ല. ഡിഫക്ട് ലയബിലിറ്റി പീരിയഡ് 2 വർഷമാണ് കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | പ്രോജക്ട് | 80 Mm പ്രീകാസ്റ്റ് കോൺക്രീറ്റ് പേവർ ബ്ലോക്കുകൾ ഉപയോഗിച്ച് |
|---|---|---|

| | | ചെയ്ത പ്രവൃത്തിയുടെ അളവ് |
|---|---|---|
| 1 | തറയിൽ കൈപ്പള്ളി റോഡ് പുനരുദ്ധാരണം (71/24)<br>കരാറുകാരൻ - മുഹമ്മദ് ശരീഫ് കുറിയേടത്ത്<br>അടങ്കൽ - ₹5,00,000/-<br>എഗ്രിമെന്റ് - 21/11.12.2023 | 328.24 $M^2$ |
| 2 | ജുമാ മസ്ജിദ് റോഡ് പുനരുദ്ധാരണം (118/24)<br>കരാറുകാരൻ - മുസ്തഫ കുറിയേടത്ത്<br>അടങ്കൽ - ₹7,00,000/-<br>എഗ്രിമെന്റ്-27/13.2.2023 | 490.17 $M^2$ |
| 3 | മായിനങ്ങാടി പള്ളിപ്പുറി റോഡ് പുനരുദ്ധാരണം (142/24)<br>കരാറുകാരൻ - അബ്ദു ജബ്ബാർ. എം. ടി.<br>അടങ്കൽ - ₹6,00,000/-<br>എഗ്രിമെന്റ് – 16/03.2.2023 | 428.423 $M^2$ |

ഡിഫക്ട് ലയബിലിറ്റി പീരിയഡ് സംബന്ധിച്ച മേൽ നിർദ്ദേശം പാലിക്കാതിരുന്നത് ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-11/26.06.2024 ന് ലഭ്യമാക്കിയ 26.6.2024 ലെ 52/AE/LID&EW/CHDM/2024-25 നമ്പർ മറുപടിയിൽ മേൽ പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് റിലീസ് ചെയ്തിട്ടില്ലെന്നും, ഡിഫക്ട് ലയബിലിറ്റി പീരിയഡ് ആയ 5 വർഷത്തിന് ശേഷം മാത്രമേ ആയത് റിലീസ് ചെയ്യുകയുള്ളൂ എന്നും ഡെപ്രസ്-3 യിൽ എഗ്രിമെന്റ് തയ്യാറാക്കിയപ്പോൾ സംഭവിച്ച അപാകതയാണെന്നും മേലിൽ അപാകത വരാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ പ്രൊജക്ടുകളിൽ ഡിഫക്ട് ലയബിലിറ്റി പീരിയഡ് അഞ്ച് വർഷം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-25 കിളച്ചെടുത്ത മണ്ണ് ലേലം ചെയ്തിട്ടില്ല.

വരുതോട് ആഴം കൂട്ടി സംരക്ഷിക്കൽ ( 133/24) എന്ന പ്രൊജക്റ്റിന്റെ ഫയലിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ 11.6.2024 ലെ 47/AE/LSGD/CHDM/2024-25 നമ്പർ വാല്യുവേഷൻ റിപ്പോർട്ട് വച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം താഴെ കൊടുത്ത പ്രവൃത്തികളുടെ ഭാഗമായി കിളച്ചെടുത്ത 620.22 $M^3$ മണ്ണിന് ₹98.23/$M^3$ നിരക്കിൽ ₹60,928.33 + GST വാല്യുവേഷൻ നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

1.

പ്രോജക്ട് : വര്യത്തോട് ആഴം കൂട്ടി സംരക്ഷിക്കൽ

നം . 133/24 (70/23)

അടങ്കൽ : ₹24,45,000/- (CFC Tied)

ചെലവ് : ₹22,58,544/- Bill.No. 379/30.03.2024 (ACR)

ടി.എസ്. നം : 21668/2023/16.03.2023 DsoR 2018 COL 136.44%

കരാർ നമ്പർ : 6/AE/2023 Dt 26.4.2023

കരാറുകാരൻ : അബ്ദുൾ ജബ്ബാർ. എം. ടി.

Cut Earth : 493.715M3 – 154.80M3 (ഫില്ലിംഗിന് ഉപയോഗിച്ചത്) = 338.915M3

2.

പ്രോജക്ട് : വര്യത്തോട് സംരക്ഷണം റീച്ച് 3

നം.141/23

Cut Earth : 428.521 $M^3$ – 147.60 $M^3$ (ഫില്ലിംഗിന് ഉപയോഗിച്ചത്) = 280.921 $M^3$

(Stack Report : [27x18.10x0.5 = 244.35 $M^3$] + [22.10x20x(1.60+1.75)/2 = 375.87 $M^3$] = 620.22 $M^3$)

മേൽ മണ്ണ് ലേലം ചെയ്തിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ 10/28.06.2024 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി ലഭ്യമാക്കിയ 27.06.2024 തീയ്യതിയിലെ മറുപടിയിൽ പ്രസ്തുത മണ്ണ് 23.06.2024ന് പരസ്യ ലേലം ചെയ്യുന്നതിന് നോട്ടീസ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തില്ലെന്ന് അറിയിക്കുകയും, ബന്ധപ്പെട്ട ലേല നോട്ടീസ് ഹാജരാക്കുകയും ചെയ്യുകയുണ്ടായി. കാല താമസം കൂടാതെ മേൽ പരാമർശിച്ച മണ്ണ് ലേലം ചെയ്ത് വില്പന നടത്തുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 ഇ-ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നത് സംബന്ധിച്ച്

ജി.ഒ. (എം.എസ്) നമ്പർ 318/2013/തസ്വഭവ/28.09.2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയതിനാൽ ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില, ജി.എസ്.ടി ഉൾപ്പെടെ, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജി.ഒ. (എം.എസ്).3186/2017/തസ്വഭവ. തീയതി 02.10.2017 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് 09.08.2018 ന് പുൽപ്പറമ്പ് എസ്.ബി.ഐ.യിൽ കറന്റ് അക്കൗണ്ട് (നം.37867692967) ആരംഭിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കണ്ടെത്തി.

1. ഗ്രാമ പഞ്ചായത്ത് ഇ-ടെണ്ടർ ചെയ്യുന്നതിലൂടെ 2022-23 വരെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുള്ള ഇ ടെണ്ടർ ഫീ നാളിതുവരെ പഞ്ചായത്ത് അക്കൗണ്ടിൽ തിരികെ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.12/26.06.2024 ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ 28.06.2024 തീയതിയിലെ 52/AE/LID&EW/CHDM/2024-25 നമ്പർ മറുപടിയോടൊപ്പം ചേർത്ത പട്ടിക പ്രകാരം 01.04.2015 മുതൽ 31.03.2023 വരെ ഈ ഇനത്തിൽ തിരികെ ലഭ്യമാകാനുള്ളത് 1,91,948/- രൂപയാണ്. ആയത് ലഭ്യമാക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഈ വർഷം തന്നെ അപേക്ഷ നൽകുമെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ കാലതാമസം വരുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. ഇ ടെണ്ടറിനായി അസിസ്റ്റന്റ് എഞ്ചിനീയർ തുറന്ന ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 24.12.2023 മുതൽ ഈ അക്കൗണ്ടിൽ ടെണ്ടർ ഫീ ഇനത്തിൽ തുക വരവ് വരുന്നുണ്ട്. 2023-24 ലെ ടെണ്ടർ ഫീ ഇനത്തിൽ ആകെ 54,970/- രൂപ അക്കൗണ്ടിൽ വരവ് വരേണ്ടതായിരുന്നു എന്നും, എന്നാൽ 31,000/- രൂപ മാത്രമേ വരവു വന്നിട്ടുള്ളൂ എന്നും, പ്രസ്തുത തുക ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് എന്നും, ലഭ്യമാകാൻ അവശേഷിക്കുന്ന 23,970/- രൂപ അക്കൗണ്ടിൽ ലഭിക്കുന്നതിനായി E-Tender Kerala യിൽ പരാതി നൽകിയിട്ടുണ്ട് എന്നും മേൽ സൂചിപ്പിച്ച മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തമാക്കുകയും ബന്ധപ്പെട്ട രേഖകൾ (രസീതി, കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ്) ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യമാകാൻ അവശേഷിക്കുന്ന 23,970/- രൂപ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 ആസ്തി രജിസ്റ്റർ കാലികമാക്കൽ - പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 ൽ ആവിഷ്കരിച്ച 47/23 നമ്പർ പ്രോജക്ട് 2023-24 ൽ 113/24 നമ്പർ സ്പിൽ ഓവർ പ്രോജക്ടായി തുടർന്നിട്ടുണ്ട്. പ്രോജക്ട് പ്രവർത്തനങ്ങളുടെ ഭാഗമായി ഭരണ സമിതി തീരുമാനം 3(1)/27.03.2023 പ്രകാരം 01.03.2023 മുതൽ ദിവസ വേതനത്തിന് സർവേയർ ശ്രീ. മുബഷിർ, പുല്ലാറ്റ് പറമ്പിൽ ഹൗസ് എന്നയാളെ നിയമിച്ചിട്ടുണ്ട്. 3/2023 മുതൽ 3/2024 വരെയുള്ള ടിയാന്റെ വേതനയിനത്തിൽ 2,17,440/- രൂപ പ്രോജക്ട് പ്രകാരം തനത് വർഷം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുമുണ്ട്. ഒരു ദിവസത്തെ വേതനയിനത്തിൽ 755 രൂപ നിരക്കിൽ താഴെപ്പറയും പ്രകാരം 288 ദിവസത്തെ വേതനം നൽകുന്നതിനാണ് തുക ചെലവ് ചെയ്തത്.

| മാസം | വേതനം നൽകിയ ദിവസങ്ങളുടെ എണ്ണം |
|---|---|
| 3/2023 | 21 |
| 4/2023 | 17 |
| 5/2023 | 24 |
| 6/2023 | 22 |
| 7/2023 | 22 |
| 8/2023 | 19 |
| 9/2023 | 22 |

| | |
|---|---|
| 10/2023 | 22 |
| 11/2023 | 23 |
| 12/2023 | 24 |
| 1/2024 | 24 |
| 2/2024 | 24 |
| 3/2024 | 22 |
| **ആകെ** | **288** |

ബന്ധപ്പെട്ട ഫയലിൽ സർവ്വെയർക്ക് നിർവ്വഹിക്കേണ്ട പ്രവൃത്തി സംബന്ധിച്ച് നിർദ്ദേശം നൽകിയതിന്റെയോ നിർവ്വഹിച്ച പ്രവൃത്തി വിലയിരുത്തിയതിന്റെയോ രേഖകൾ ഇല്ലാത്ത സാഹചര്യത്തിൽ, ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിലെ പുരോഗതി വിവരം അറിയിക്കാനും ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കാനും ആവശ്യപ്പെട്ട് 18/27.06.2024 നമ്പർ ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി. ഇതിന് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ 32/AE/LID&EW/CHDM/2024-25/28.6.2024 നമ്പർ മറുപടിയിൽ റോഡ്, ഇടവഴി, ഭൂമി, കെട്ടിടം എന്നിവയുടെ വിവരങ്ങൾ സർവ്വെയർ തയ്യാറാക്കിയത് സോഫ്റ്റ് കോപ്പിയായി സൂക്ഷിച്ചിട്ടുണ്ട് എന്നും, പ്രസ്തുത വിവരങ്ങൾ സമിതി നം.3572/24/19.6.2024 പ്രകാരം ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട് എന്നും, 19.06.2024 ലെ ഭരണ സമിതി യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ഈ മറുപടി അംഗീകരിക്കുന്നു. ഇതു സംബന്ധിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

മേൽ സൂചന മറുപടിക്കൊപ്പം അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ 26.06.2024 തീയ്യതിയിലെ 33/AE/LID&EW/CHDM/2024-25 നമ്പർ കത്തിന്റെ പകർപ്പും ചേർത്തിട്ടുണ്ട്. ഭൂമിയുടെ വിവര ശേഖരണ സമയത്ത് നിലവിലുള്ള അതിരുകൾ പ്രകാരമാണ് അളവുകൾ രേഖപ്പെടുത്തിയത് എന്നും, എന്നാൽ ഘടക സ്ഥാപന മേധാവികളുടെ അറിയിപ്പ് പ്രകാരം പല സ്ഥലങ്ങളുടെയും അളവ് ആസ്തി രജിസ്റ്ററിൽ ഉള്ളതിനേക്കാൾ അധികമാണെന്നും, കൂടാതെ പല സ്ഥലങ്ങളും അതിരുകൾ തിട്ടപ്പെടുത്താതെ കാണപ്പെടുന്നു എന്നും, അതിനാൽ സർവ്വെ നടപടികൾ പൂർത്തിയാക്കി മാത്രമെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ എന്നും ഈ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സർവ്വെ നടപടികൾ പൂർത്തിയാക്കി ആസ്തി രജിസ്റ്റർ കാലികമാക്കുന്ന നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-28 എം.ജി.എൻ.ആർ.ഇ.ജി.എസ് - തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം നൽകിയത് - സംബന്ധിച്ച്

13.09.2023 ലെ 6(1)3 നമ്പർ ഭരണ സമിതി തീരുമാനം പ്രകാരം താഴെ കൊടുത്ത തീരുമാനം എടുത്തിട്ടുണ്ട്.

"MGNREGS 2020-2021 വർഷത്തെ ആക്ഷൻ പ്ലാൻ ഉൾപ്പെടുത്തി ചെയ്ത പ്രവൃത്തി വാർഡ് 10 തൊഴുത്ത് നിർമ്മാണം ആയിഷ പുതുപ്പുരയിൽ ആ വർഷം 39,088/- രൂപ ഓവർസിയർ ബിൽ എഴുതുകയും ആയത് പ്രകാരം FTO ആക്കുകയും ചെയ്തു. പ്രസ്തുത ബില്ലിലെ ബാക്കി തുക നൽകുന്നതിനായി 2023 ജനുവരി മാസത്തിൽ ഓവർസിയർ സൈറ്റ് പരിശോധിച്ചപ്പോൾ ടിയാൻ മറ്റൊരാളുടെ സ്ഥലത്ത് തൊഴുത്ത് നിർമ്മിച്ചതെന്നു കണ്ടെത്തി. ആയതിനാൽ ബാക്കി തുക ടിയാന് നല്കാൻ സാധ്യമല്ല. ടി പ്രവർത്തി WORK COMPLETION നൽകേണ്ടതെന്ന് എം.ജി.എൻ.ആർ.ഇ.ജി.എസ്. ഓവർസിയറുടെ ശുപാർശ ചർച്ച ചെയ്തു. ആയത്

പ്രകാരം, പ്രവർത്തി വാർഡ് 10 തൊഴുത്ത് നിർമ്മാണം ആയിഷ പുതുപ്പറമ്പിൽ എന്ന പ്രവർത്തിക്ക് WORK COMPLETION നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു."

മേൽ തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ഏഴ് ദിവസത്തിനുള്ളിൽ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് 12.02.2025 ലെ MGNREGS/2025/1735 നമ്പർ കത്ത് പ്രകാരം ഗുണഭോക്താവിന് അറിയിപ്പ് നൽകിയിട്ടുണ്ട്.

മേൽ തീരുമാനത്തിന്റെ വെളിച്ചത്തിൽ ബന്ധപ്പെട്ട പ്രവൃത്തി ഫയൽ (പ്രവൃത്തി കോഡ്. 1605011001/IF/522082, ടി.എസ്. നം. 1605011001/2020-2021/428087(T.S) പരിശോധിക്കുകയുണ്ടായി. തുക 11,8000/- രൂപ അടങ്കലുള്ള ഈ പ്രവൃത്തിയുടെ എം.ബുക്ക് നം.22/20-21 പേജ് നം.12 ൽ 3rd & പാർട്ട് ബിൽ ആയി 18.08.2021 ന് തുക 41,339/- രൂപ പ്രവൃത്തി മൂല്യം രേഖപ്പെടുത്തി മുൻ പാർട്ട് ബില്ലുകൾ കിഴിച്ച് ബാക്കി 21,161/- രൂപ അനുവദിക്കുന്നതിന് ശുപാർശ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് പ്രവൃത്തികൾ ഒന്നും നിർവ്വഹിച്ചിട്ടില്ല. ഒന്നാം പാർട്ട് ബിൽ 1,746/- രൂപ , രണ്ടാം പാർട്ട് ബിൽ 16,181/- രൂപ, മൂന്നാം പാർട്ട് ബിൽ 21,161/- രൂപ ഉൾപ്പെടെ തുക 39,088/- രൂപ പ്രവൃത്തിക്കായി അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ഫയലിൽ പ്രവൃത്തി സ്ഥലത്തിന്റെ ഉടമസ്ഥത വ്യക്തമാക്കുന്ന രേഖയോ (കൈവശാവകാശ സർട്ടിഫിക്കറ്റ്), പ്രവൃത്തി സ്ഥലം സ്വന്തം ഉടമസ്ഥതയിലാണെന്നുള്ള ഗുണഭോക്താവിന്റെ സ്വയം സാക്ഷ്യപത്രമോ, പ്രവൃത്തി സംബന്ധിച്ച നിബന്ധനകൾ അംഗീകരിച്ച് ഗുണഭോക്താവ് ഒപ്പുവച്ച കരാറോ കണ്ടില്ല. F.T.O വിവരങ്ങൾ താഴെ ചേർക്കുന്നു.

| പാർട്ട് | FTO നമ്പർ/തീയതി | തുക | ഇനം |
|---|---|---|---|
| I പാർട്ട് | FTO No.KL1605011001/01-05-2021 -FTO 502941 | 1746 | Unskilled Wage |
| II പാർട്ട് | FTO No.KL1605011001/27-04-2021- FTO 47721 | 1455 | Unskilled Wage |
| | FTO No.1221 EATPAYREQ/17-05-22- FTO 16563 | 3872 | Skilled/Semiskilled Wages |
| | FTO No.1221 EATPAYREQ/06-07-22 - FTO 161006 | 10854 | Material Amount |
| III പാർട്ട് | FTO No.KL1605011001/07-07-21 -FTO 181438 | 1746 | Unskilled Wage |
| | FTO No.01221 EATPAYREQ/17-05-22- FTO 16563 | 3462 | Skilled/Semiskilled Wages |
| | FTO No.01221 EATPAYREQ/04-02-2025- FTO 16393 | 15953 | Material Amount |
| | Total | 39088 | |

തൊഴുത്ത് ഒരു സമ്പാദ്യ ആസ്തി ആയതിനാൽ ഗുണഭോക്താവിന്റെ സ്വന്തം സ്ഥലത്ത് മാത്രമേ ആയതിനുള്ള നിർമ്മാണ അനുമതി നൽകാവൂ. പ്രവൃത്തി സ്ഥലം ഗുണഭോക്താവിന്റെ ഉടമസ്ഥതയിലുള്ളതാണോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിൽ വന്ന വീഴ്ച കാരണമാണ് മേൽ ഭരണ സമിതി തീരുമാനത്തിൽ പറഞ്ഞത് പ്രകാരം അനർഹയായ ഗുണഭോക്താവിന് ധനസഹായം നൽകാൻ ഇടയായത് എന്ന് വ്യക്തമാണ്. ഇപ്രകാരം അനർഹമായി കൈപ്പറ്റിയ ധനസഹായം തിരിച്ച് പിടിക്കാതെ പ്രവൃത്തിക്ക് കംപ്ലീഷൻ നൽകി പ്രവൃത്തി അവസാനിപ്പിച്ചത് ക്രമ പ്രകാരമല്ല. ഈ അപാകതക്ക് ഓഡിറ്റ് എൻക്വയറി നം. 9/26.6.2024 പ്രകാരം വിശദീകരണം നൽകാൻ ആവശ്യപ്പെട്ടിരുന്നു. ഇതിന് 26.06.2024 സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ തൊഴുത്ത് നിർമ്മാണം പൂർണ്ണമായും പൂർത്തിയാക്കിയിട്ടുണ്ടെന്നും, കന്നുകാലികൾക്ക് വേണ്ടി തൊഴുത്ത് ഉപയോഗിക്കുന്നുണ്ടെന്നും, ഗുണഭോക്താവിന്റെ സ്ഥലത്തല്ലെങ്കിലും പദ്ധതി ലക്ഷ്യം

കൈവരിച്ചിട്ടുണ്ടെന്നും, ഇതിനകം അനുവദിച്ച തുക പാഴ്ച്ചെലവായിട്ടില്ല എന്നും, സ്വന്തം സ്ഥലത്തല്ല എന്ന നിയമ പ്രശ്നം അനുഭാവ പൂർവ്വം പരിഗണിക്കണമെന്നും പറഞ്ഞിട്ടുണ്ട്. ഗുണഭോക്താവും സ്ഥലമുടമയും തമ്മിൽ ലീസ് എഗ്രിമെന്റ് വെച്ച് ഇതിനകം നൽകിയ തുക പാഴ്ച്ചെലവാകില്ല എന്ന് ഉറപ്പ് വരുത്തുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

സ്ഥിര ആസ്തി നിർമ്മാണത്തിനുള്ള ധന സഹായം സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് മാത്രം അനുവദിക്കുന്നതിന് മാത്രമെ അനുമതിയുള്ളൂ എന്നതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല. മേൽപ്പറഞ്ഞ പ്രകാരം അനുവദിച്ച 39,088/- രൂപ അനർഹമായി ധന സഹായം കൈപ്പറ്റിയ ഗുണഭോക്താവിൽ നിന്നോ, ആയതിന് സാധ്യമാകാത്ത പക്ഷം പ്രൊജക്റ്റിന് തുക അനുവദിച്ച സെക്രട്ടറിയിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## 1-29 ലോൺ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക നെഗറ്റീവ് സംഖ്യയായി രേഖപ്പെടുത്തിയത്.

31.03.2024 തീയതിയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-6 പ്രകാരം "350300201 Secured Loans - Loan From KURDFC" എന്ന ശീർഷകത്തിൽ നീക്കിയിരിപ്പ് -6,37,211/- രൂപയാണ്. 31.03.2023 തീയതിയിൽ ഇത് -4,34,431/- രൂപ ആയിരുന്നെന്ന് 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-1-9 ആയി പരാമർശിച്ചിരുന്നു. ഇതിന് ശേഷം 2023-24 വർഷത്തിൽ 2,00,000/- രൂപ ലോൺ എടുത്തതും, 4,02,780/- രൂപ വിവിധ ലൈഫ് പ്രൊജക്റ്റുകൾ മുഖേന ലോൺ തിരിച്ചടവിലേയ്ക്കായി സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടുള്ളതും ചേർന്നാണ് 2023-24 വർഷാവസാനത്തെ നീക്കിയിരിപ്പ് തുകയിൽ എത്തിച്ചേർന്നത്. (-4,34,431 + 2,00,000 - 4,02,780 = -6,37,211). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/25.06.2024ന് മറുപടിയായി സെക്രട്ടറി വിശദീകരണം ലഭ്യമാക്കി. ലൈഫ് മിഷൻ ലോൺ തുക ലഭിക്കുന്നത് ഫണ്ട് അഭ്യർത്ഥന നടത്തുന്നതിന് അനുസരിച്ചാണെന്നും, എന്നാൽ ലോൺ തിരിച്ചടവിലേയ്ക്കായി 2019-20 വർഷം മുതൽക്ക് തന്നെ പ്ലാൻ ഫണ്ടുകളിൽ നിന്നും സോഴ്സ് ഡിഡക്ഷൻ നടത്തുന്നുണ്ടെന്നുമാണ് അറിയിച്ചത്. കൂടാതെ, 2023-24 വർഷത്തിൽ അഭ്യർത്ഥിച്ചതും സാങ്ക്ഷൻ ചെയ്തതുമായ 17,00,000/- രൂപയുടെ ലോൺ തുക അടുത്ത സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിലാണ് ക്രെഡിറ്റ് ചെയ്തതെന്നും അറിയിച്ചു. ഗ്രാമപഞ്ചായത്ത് അടവാക്കാൻ ബാധ്യസ്ഥമായതിനെക്കാൾ കൂടുതൽ തുക ലോൺ തിരിച്ചടവിലേയ്ക്കായി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 2023-24 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ട് നം. പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 13/24 - ലൈഫ് ഭവന പദ്ധതി | 5,61,600 | 5,61,600 | 0 |
| | 15/24 - പരിരക്ഷ ഹോം കെയർ | 90,710 | 90,710 | 0 |
| | 34/24 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 4,00,000 | 4,00,000 | 0 |
| | 36/24 - നെൽ കൃഷി വികസന പദ്ധതി | 53,018 | 53,018 | 0 |
| | 127/24 - വാർഡ് 18 ലെ 97 നമ്പർ അംഗനവാടിക്ക് പുതിയ കെട്ടിടം നിർമ്മാണം | 4,99,000 | 4,99,000 | 0 |
| | ആകെ | 16,04,328 | 16,04,328 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 34/24 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,80,000 | 2,80,000 | 0 |
| | 113/24 - ചെറിയമുണ്ടം ഗവ ഹയർസെക്കണ്ടറി സ്കൂൾ ബെൽറ്റ് റോഡ് കോൺക്രീറ്റിംഗ് | 3,56,155 | 3,56,155 | 0 |
| | ആകെ | 6,36,155 | 6,36,155 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം., തീയതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് – പൊന്മുണ്ടം | 17 വാർഡിലെ തെള്ളിക്കാട് കൊളാടി റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി വയ്ക്കുന്നതിന് (പ്രോജക്ട് ഇതരം) | 2230622/ 17.10.2025 | 10,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 10,000 |
| ആകെ | | | 10,000 | 0 | 10,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം ലഭ്യമായ വായ്പ തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ലൈഫ് ഭവനപദ്ധതി – KURDFC | – | -4,34,431 | 2,00,000 | 4,02,780 | 0 | -6,37,211 |

കുറിപ്പ് - ഖണ്ഡിക 1-29 കാണുക.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

എ). സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 6,100 |
| തദ്വർഷം നിക്ഷേപിച്ച തുക (₹) | 0 |
| ആകെ (₹) | 6,100 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 6,100 |

ബി). വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ.

| നിക്ഷേപത്തിന്റെ വിവരം | തുക (₹) | രശീതി നമ്പർ/ തീയതി |
|---|---|---|
| മലപ്പുറം ഡിസ്ട്രിക്റ്റ് പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 5,000 | ഷെയർ സർട്ടിഫിക്കറ്റ് നം. 329/29.08.2001 |
| മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ | 1,100 | ഷെയർ സർട്ടിഫിക്കറ്റ് നം. 13/27.07.1977 |
| **ആകെ** | **6,100** | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആൾ | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2021-22 | 3-1 | 8,560 | ശ്രീമതി. സുധർമ്മ. വി. പി, അസി. എഞ്ചിനീയർ | 1230101348/04.07.2023 |
| | ആകെ | 8,560 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 33, 34, 35, 36 | 2003-04 | മറ്റ് പരാമർശങ്ങൾ | തോട് പുനരുദ്ധാരണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2009-10, 2010-11 | 3(19) | 2013-14 | ലഘു അവലോകനം | | |
| 2014-15 | 2(1), 2(2) | 2016-17 | | വസ്തു നികുതി, തൊഴിൽ നികുതി | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | 1996-97 | 44 | ശ്രീ. കെ. എം. രഘുനാഥൻ, ജൂ.സൂപ്രണ്ട് | LF 27890/ Spl.Call/ BC3/99 24.07.2001 | 145.75 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 145.75 |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | 1996-97 | 45 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.Cell/ SC3/99 24.07.2001 | 4,433 | 202/- 46208.9 9.11.04 | ഇല്ല | ഇല്ല | ഇല്ല | 202 | 4,231 |
| | | 46 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.Cell/ SC3/99 24.07.2001 | 1,422 | 247/- 46208.9 9.11.04 | ഇല്ല | ഇല്ല | ഇല്ല | 247 | 1,175 |
| | | 47 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.Cell/ SC3/99 24.07.2001 | 1,820 | 300/- 46280/94 19.08.03 | ഇല്ല | ഇല്ല | ഇല്ല | 300 | 1,520 |
| | | 53 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.Cell/ SC3/99 24.07.2001 | 2,015 | 29/- 47329/63 9.08.04 | ഇല്ല | ഇല്ല | ഇല്ല | 29 | 1,986 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 11,22,37,046 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 11,19,85,174 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 0 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 13,12,917 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 11,54,752 | ശ്രീ. ടി. കെ. ബാബു, സെക്രട്ടറി |
| 1-23 | 1,58,165 | ശ്രീ. ടി. കെ. ബാബു, സെക്രട്ടറി |
| ആകെ | 13,12,917 | |

ഡി). കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 1996-97 | കെ.എസ്.എ.എം.പി.എം.15/2023/2022, തീയതി : 13.04.2023 | 2 |
| 2 | 1997-98 | കെ.എസ്.എ.എം.പി.എം.15/2023/2022(1) തീയതി : 12.01.2023 | 2 |
| 3 | 1998-99 | കെ.എസ്.എ.എം.പി.എം.15/2023/2022(2) തീയതി : 12.01.2023 | 3 |
| 4 | 1999-00 | കെ.എസ്.എ.എം.പി.എം.15/2023/2022(3) തീയതി : 12.01.2023 | 6 |
| 5 | 2000-01 | കെ.എസ്.എ.എം.പി.എം.15/2023/2022(4) തീയതി : 12.01.2023 | 1 |
| 6 | 2001-02 (ചെലവ്) | കെ.എസ്.എ.എം.പി.എം.15/2023/2022(5) തീയതി : 12.01.2023 | 8 |
| 7 | 2002-03 | കെ.എസ്.എ.എം.പി.എം.15/2023/2022(7) തീയതി : 12.01.2023 | 3 |
| 8 | 2003-04 | കെ.എസ്.എ.എം.പി.എം.15/2023/2022(8) തീയതി : 12.01.2023 | 1 |
| 9 | 2004-05 | കെ.എസ്.എ.എം.പി.എം.15/2023/2022(9) തീയതി : 12.01.2023 | 2 |
| 10 | 2005-06 | കെ.എസ്.എ.എം.പി.എം.15/2023/2022(10) തീയതി : 12.01.2023 | 3 |
| 11 | 2006-07 | കെ.എസ്.എ.എം.പി.എം.15/2023/2022(11) തീയതി : 12.01.2023 | 3 |
| 12 | 2007-08 | കെ.എസ്.എ.എം.പി.എം.15/2023/2022(12) തീയതി : 12.01.2023 | 5 |
| 13 | 2008-09 | കെ.എസ്.എ.എം.പി.എം.15/2023/2022(13) തീയതി : 12.01.2023 | 18 |
| 14 | 2009-10 & 2010-11 | കെ.എസ്.എ.എം.പി.എം.15/2023/2022(14) തീയതി : 12.01.2023 | 18 |
| 15 | 2011-12 & 2012-13 | കെ.എസ്.എ.എം.പി.എം.15/2023/2022(15) തീയതി : 12.01.2023 | 10 |
| 16 | 2013-14 & 2014-15 | കെ.എസ്.എ.എം.പി.എം.15/2023/2022(16) തീയതി : 12.01.2023 | 5 |

| | | | |
|---|---|---|---|
| 17 | 2015-16 | കെ.എസ്.എ.എം.പി/എം.15/3400/2016 , തീയതി : 10.05.2023 | 8 |
| 18 | 2016-17 | കെ.എസ്.എ.എം.പി/എം.15/2034/2017 , തീയതി : 10.05.2023 | 9 |
| 19 | 2017-18 | കെ.എസ്.എ.എം.പി/എം.15/274/2018, തീയതി : 01.06.2019 | 15 |
| 20 | 2018-19 | കെ.എസ്.എ.എം.പി/എം.15/2860/2019, തീയതി : 24.04.2020 | 18 |
| 21 | 2019-20 | കെ.എസ്.എ.എം.പി/എം.15/826/2022, തീയതി : 24.09.2022 | 11 |
| 22 | 2020-21 | കെ.എസ്.എ.എം.പി/എം.15/1409/2022, തീയതി : 28.04.2023 | 17 |
| 23 | 2021-22 | കെ.എസ്.എ.എം.പി/എം.15/2879/2022, തീയതി : 05.08.2023 | 18 |
| 24 | 2022-23 | കെ.എസ്.എ.എം.പി/എം.15/2731/2023, തീയതി : 23.02.2024 | 18 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എൽഎഫ്.7/2024

<u>**Annexure-1**</u>

<u>**Audit Certificate**</u>

i. I have audited the attached Financial statements approved vide resolution number 1/1 dated 1(1) dated 31-05-2024 and submitted on 01-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Cheriyamundam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Cheriyamundam Grama Panchayat as on 31-03-2024

**Date: 17/08/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Cheriyamundam Grama Panchayat for the Year 2023-2024.

**1.Major Observations**

NIL

## 2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted for audit.
   i. Ratios
   ii. Notes on accounts
   iii. Comparative amounts
2. Lapses in making timely demand entries in respect of tax and non-tax revenue.
3. Cashflow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
4. Bank book balance shown in bank reconciliation statement differs from the actual bank book balance of the same day for certain bank accounts.
5. Cheque uncashed for more than 3 months was not transfered to stale cheque account.
6. Asset register is not up to date and is not reliable for audit.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്